**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1254** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിരവധി പൊതുമരാമത്ത് റോഡുകൾ കുണ്ടും കുഴിയുമായി ഗതാഗത യോഗ്യമല്ലാത്തതിനാൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കി.മീ. റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതാത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീ മൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കുന്നു. എല്ലാ റോഡുകളുടെയും അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗത യോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7685 കിലോ മീറ്റർ റോഡു കൂടി റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തുന്നതിന് 183.4 കോടി രൂപക്ക് കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തിര അറ്റകുറ്റ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ |

| | | | |
|---|---|---|---|
| | | | ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തി വരുന്നു.<br><br>റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലൂടെ റോഡുകളിലെ കേടുപാടുകൾ സമയബന്ധിതമായി പരിഹരിച്ച് ഗതാഗതയോഗ്യമായി നിലനിർത്താനുള്ള പ്രവർത്തനമാണ് നടത്തി വരുന്നത്. |
| (ബി) | റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യസമയത്തുതന്നെ ചെയ്യുന്നതിനും പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | നിലവിൽ റോഡുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി പ്ലാൻ നബാർഡ്, ശബരിമല എന്നീ പദ്ധതികളിലുൾപ്പെടുത്തി ഏകദേശം 2100 കി.മീ. റോഡുകളിൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. പരിപാലന കാലാവധിയിലുള്ള റോഡുകളിൽ അതാത് കരാറുകാരനെക്കൊണ്ടും പരിപാലന കാലാവധിയിലല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട്, പ്രീ മൺസൂൺ പ്രവൃത്തികളുടെ കരാറുകാരെക്കൊണ്ടും കുഴികൾ സമയബന്ധിതമായി നികത്തി ഗതാഗതയോഗ്യമാക്കുന്നു. എല്ലാ റോഡുകളുടെയും അറ്റകുറ്റ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഗതാഗത യോഗ്യമായി നിലനിർത്തുന്നതിനും റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 12332 കി.മീ. റോഡുകൾ റണ്ണിംഗ് കോൺട്രാക്ട് വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 7685 കിലോ മീറ്റർ റോഡു കൂടി റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെടുത്തുന്നതിന് 183.4 കോടി രൂപക്ക് കൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.കൂടാതെ മഴക്കാലപൂർവ്വ പ്രവൃത്തികളിൽ ഉൾപ്പെടുത്തി അടിയന്തിര അറ്റകുറ്റ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള റോഡുകൾ പരിശോധിക്കാൻ നിലവിൽ പൊതുമരാമത്ത് സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ചീഫ് എഞ്ചിനീയർമാർ എന്നിവരുൾപ്പെട്ട സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള പരിശോധന സംഘവും നിലവിലുണ്ട്. ഇതിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 45 ദിവസത്തിലൊരിക്കലും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള ടീം 30 ദിവസത്തിലൊരിക്കലും പരിശോധനകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനത്തിലൂടെ റോഡുകളിലെ കേടുപാടുകൾ സമയബന്ധിതമായി പരിഹരിച്ച് ഗതാഗതയോഗ്യമായി നിലനിർത്താനുള്ള പ്രവർത്തനമാണ് നടത്തി വരുന്നത്. |
| (സി) | റാന്നിയിൽ ബണ്ട് പാലത്തിനുവേണ്ടി കോൺക്രീറ്റ് തൂണിൽ കമ്പിക്ക് പകരം തടി ഉപയോഗിച്ചതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് കീഴിൽ വരുന്നതല്ല. |

സെക്ഷൻ ഓഫീസർ